(ബി) ശരാശരി 88.48 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിമാസം വാങ്ങുന്നുണ്ട്.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

കെ. എസ്. ഇ. ബി. അങ്കമാലി സിവിൽ സർക്കിളിലെ ജീവനക്കാരുടെ എണ്ണം

119 (1786) ശ്രീ. കെ. മുഹമ്മദാലി :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. യുടെ അങ്കമാലി സിവിൽ സർക്കിളിൽ ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(ബി) ഇവരുടെ എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ സംബന്ധിച്ച ജോലികൾക്കായി എത്രപേരെ നിയോഗിച്ചിട്ടുണ്ട് ;

(സി) ഏതൊക്കെ തസ്തികകളിലാണ് ഇവരെ നിയമിച്ചതെന്നും അവർ ആരെല്ലാമെന്നും അറിയിക്കുമോ ;

(ഡി) ഇവർ ഓരോരുത്തർക്കും ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച ജോലികൾക്കായി ഓരോ മാസവും നൽകിയ ഹോളിഡേ വേജസ് എത്രയാണ് ;

(ഇ) വൈദ്യുതി ബോർഡിൽ നിലവിലുള്ള കരാർ വ്യവസ്ഥപ്രകാരം ഇവിടെ എത്രപേരെ എസ്റ്റാബ്ലിഷ്മെന്റ് സംബന്ധിച്ച ജോലികൾക്കായി നിയോഗിക്കണമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കരാർ വ്യവസ്ഥ മറികടന്ന് ഇതിനായി ആരെയെങ്കിലും അധികമായി നിയോഗിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ കാരണം വിശദീകരിക്കാമോ ;

(എച്ച്) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അങ്കമാലിയിൽ സിവിൽ സർക്കിൾ ഓഫീസ് ഇല്ല. ഇപ്പോൾ നിലവിലുള്ള ഓഫീസിന്റെ പേര് പി. സി. സ്റ്റോഴ്സ് അങ്കമാലി എന്നാണ്. ഇവിടെയുള്ള ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1.	എക്സിക്യൂട്ടീവ് എഞ്ചിനീയർ	1
2.	അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ	1
3.	ഡിവിഷണൽ അക്കൗണ്ടന്റ്	1
4.	സീനിയർ സൂപ്രണ്ട്	1

LIBRARY ARCHIVES Kerala Legislative Assembly

5.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	3
6.	അസിസ്റ്റന്റ് എഞ്ചിനീയർ	10
7.	സീനിയർ അസിസ്റ്റന്റ്	6
8.	സിവിൽ സബ്എഞ്ചിനീയർ	4
9.	ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ	1
10.	ടൈപ്പിസ്റ്റ്	1
11.	മൊബൈൽ ക്രെയിൻ ഓപ്പറേറ്റർ	3
12.	ഡ്രൈവർ	4
13.	വാച്ച്മാൻ	5
14.	മസ്ദൂർ	4
15.	ഓഫീസ് അറ്റന്റന്റ്	3
16.	പി.റ്റി.സി. സ്വീപ്പർ	1
17.	സബ്എഞ്ചിനീയർ (പ്രൊവിഷണൽ)	5
18.	വാച്ച്മാൻ (പ്രൊവിഷണൽ)	4
19.	പെയിഡ് അപ്രന്റീസ്	3

(ബി&സി) ആർ. പി. രവിചന്ദ്രൻ എന്ന ഒരു സീനിയർ അസിസ്റ്റന്റിനെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഹോളിഡേ വേജസ് നൽകിയിട്ടില്ല.

(ഇ) 70 ജീവനക്കാർക്ക് ഒരു സീനിയർ അസിസ്റ്റന്റ് എന്ന കണക്കിൽ.

(എഫ്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ബാധകമല്ല.

(എച്ച്) ബാധകമല്ല.

കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

120 (1787) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി പുതുതായി പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവ ഏതെല്ലാമാണെന്നും എന്നേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly